29. ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി

30. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗനിയന്ത്രണ പദ്ധതി

31. സംയോജിത രോഗ അവലോകന പദ്ധതി

32. ദേശീയ ജന്തുജന്യരോഗ നിയന്ത്രണ പദ്ധതി

33. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

34. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

35. സമഗ്ര ആരോഗ്യ പദ്ധതി

ഡി.എച്ച്.എസ്.-ലെ തപാൽ സെക്ഷനിലെ കാലതാമസം

7 (696) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എച്ച്.എസ്. - ലെ തപാൽ സെക്ഷനിൽനിന്നും തപാലുകൾക്ക് നമ്പർ ലഭിക്കുന്നതിനുവേണ്ടി എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ സമ്മർദ്ദം ചെലുത്തേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിൽ വകുപ്പ് മേധാവി വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനായി വകുപ്പ് മേധാവി 2015 സെപ്തംബർ മുതൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) പ്രസ്തുത നടപടിയുടെ ഫലമായി സെക്ഷന്റെ പ്രവർത്തനത്തിൽ എത്രമാത്രം പുരോഗതിയുണ്ടായി എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ തപാൽ സെക്ഷനിലെ ജീവനക്കാരുടെ കുറവ് കാരണം 2015 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ തപാലുകൾ വിതരണം ചെയ്യുന്നതിൽ ചെറിയ കാലതാമസം വന്നിട്ടുണ്ട്. എന്നിരുന്നാലും അടിയന്തര പ്രാധാന്യമുള്ള തപാലുകൾ യഥാസമയം ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തിച്ചിട്ടുണ്ട്. ഇപ്പോൾ യാതൊരുവിധ താമസവും ഉണ്ടാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. 2015 സെപ്റ്റംബർ മാസത്തിനുശേഷം തപാൽ സെക്ഷനിൽ ഒഴിവുണ്ടായിരുന്ന തസ്തികയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് സെക്ഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. തപാൽ വിതരണത്തിനായി ഒരു ജൂനിയർ സൂപ്രണ്ട് സെക്ഷന്റെ മേൽനോട്ടം വഹിക്കുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. ഒഴിവുണ്ടായിരുന്ന തസ്തികകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചതുകൊണ്ട് തപാൽ വിതരണം വേഗത്തിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ആശാ വർക്കർമാർ

8 (697) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ ആകെ എത്ര ആശാവർക്കർമാരാണ് പ്രവർത്തിച്ചുവരുന്നതെന്നും ഇവരെ ഏതെല്ലാം ജോലികൾക്കാണ് നിയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ആശാവർക്കർമാർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്ര; വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ആശാവർക്കർമാരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡലത്തിലെ 189 ആശാവർക്കർമാരാണ് പ്രവർത്തിച്ചുവരുന്നത്. ഇവരെ പ്രധാനമായും അമ്മയും കുഞ്ഞും പദ്ധതിയുടെ പ്രവർത്തനങ്ങൾക്കും വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കും കുടുംബാസൂത്രണ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കും ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ടു വരുന്ന മറ്റ് പ്രവർത്തനങ്ങൾക്കുമാണ് നിയോഗിക്കുന്നത്.

(ബി)

ക്രമ നമ്പർ	ഇനം	തുക (രൂപയിൽ)
(1)	(2)	(3)
1	ജെ.എസ്.വൈ	300x2
2	ഇമ്മ്യൂണൈസേഷന് 1 കുട്ടിയെ ആശുപത്രിയിൽ എത്തിക്കുന്നതിനായുള്ള ഇൻസന്റീവ്	20

LIBRARY ARCHIVES Kerala Legislative Assembly